HLM-0146

The Heavenly Light Ministry

യേശുവിൻ നാമം എൻയേശുവിൻ നാമം
എൻ ജീവിതത്തിലേകയാശ്രയമേ
ഞാനെന്നും സ്തുതിക്കും ഞാനെന്നും വാഴ്ത്തുമെൻ
യേശുവിൻ നാമം എനിക്കെത്രയാനന്ദം (02)

പാപിയായിരുന്നെന്നെ രക്ഷിപ്പാനായ്
യേശു തൻ ജീവൻ ക്രൂശിലർപ്പിച്ചു
യേശു എത്ര നല്ലവൻ യേശു എത്ര വല്ലഭൻ
പതിനായിരത്തിലതി ശ്രേഷ്ഠനവൻ യേശുവിൻ

നല്ലിടയനായ യേശുനാഥൻ
നിരന്തരമായെന്നെ വഴിനടത്തും
അവനെന്നെ ശാസിക്കും അവനെന്നെ രക്ഷിക്കും തൻ
കൊടിക്കീഴിലെന്നെ നിത്യം നടത്തുമവൻ യേശുവിൻ